വില്ലേജ് കോടതി നിയമം

1219. [1656] ശ്രീ. എം. വി. രാഘവൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വില്ലേജ് കോടതി നിയമം പാസാക്കിയിട്ട് ഇപ്പോൾ എത്ര വർഷമായി;

(ബി) പ്രസ്തുത നിയമം നടപ്പിലാക്കുന്നതിന് ഗവൺമെൻറ് സ്വീകരിച്ച നടപടികളെന്തൊക്കെയാണ്;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ;

(ഡി) ഇത് എന്നത്തേക്ക് നടപ്പാക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 25 വർഷം.

(ബി, സി, ഡി) വില്ലേജ് കോടതിയെ സംബന്ധിച്ച ചട്ടങ്ങൾ ഇപ്പോൾ നിലവിലുണ്ട്; കോടതികളുടെ ആസ്ഥാനവും അധികാര പരിധിയും നിർണ്ണയിച്ചുകൊണ്ടുള്ള നോട്ടിഫിക്കേഷനും പുറപ്പെടുവിച്ചു കഴിഞ്ഞു. ഇപ്പോഴത്തെ സാമ്പത്തിക പരാധീനത കാരണം കോടതികൾ സ്ഥാപിക്കാനും നിയമം നടപ്പിലാക്കാനും കാലതാമസമുണ്ട്.

പോലീസ് സ്റ്റേഷനുകളിൽ കോൺസ്റ്റബിൾമാരില്ലെന്ന പരാതി

1220. [1657] ശ്രീ. വി. ജെ. തങ്കപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല പോലീസ് സ്റ്റേഷനുകളിലും ആവശ്യത്തിനനുസരിച്ച് പോലീസ് കോൺസ്റ്റബിൾമാർ ഇല്ലെന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആവശ്യത്തിനനുസരണമായി പോലീസുകാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം.

(എ) ഉണ്ട്.

(ബി) നിലവിലുള്ള ഒഴിവുകൾ കഴിയുന്നത്ര വേഗം നികത്തുന്നതാണ്. സാമ്പത്തിക പരിമിതി കാരണം പുതിയ തസ്തികകൾ ഇപ്പോൾ അനുവദിക്കാൻ നിർവ്വാഹമില്ല.

പോലീസ് ആഫീസർമാരുടെ ഗവൺമെൻറ് കാർട്ടേഴ്സ്

1221. [1658] ശ്രീ. എൻ. ചന്ദ്രശേഖര കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എല്ലാ പ്രധാന കേന്ദ്രങ്ങളിലും പോലീസ് ആഫീസർമാർക്ക് ഗവൺമെൻറ് കാർട്ടേഴ്സ് ഉണ്ടോ;

(ബി) ഈ കാർട്ടേഴ്സ് അലോട്ടു ചെയ്യുന്നത് ഏത് അടിസ്ഥാനത്തിലാണ്.

LIBRARY ARCHIVES Kerala Legislative Assembly

(സി) സ്ഥലം മാറ്റം ലഭിച്ചു പോകുന്ന പോലീസ് ആഫീസർമാർ എത്ര ദിവസത്തിനകം കാർട്ടേഴ്സ് ഒഴിഞ്ഞു കൊടുക്കണമെന്നാണു വ്യവസ്ഥ;

(ഡി) കോഴിക്കോടുള്ള ഗവൺമെന്റ് ക്വാർട്ടേഴ്സ് ഏതെങ്കിലും ഇപ്രകാരം ഒഴിഞ്ഞുകൊടുക്കാത്ത സംഭവമുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ ന്യായമായി കിട്ടാനർഹതയുള്ളവർക്ക് പ്രസ്തുത ക്വാർട്ടേഴ്സുകൾ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) എല്ലാ പ്രധാന കേന്ദ്രങ്ങളിലും വേണ്ടത്ര ക്വാർട്ടേഴ്സ് ഇല്ല.

(ബി) 28-9-1976-ലെ ജി. ഒ. (എം. എസ്) 128/76/ഹോം ഉത്തരവിലെ നിബന്ധനകൾ അനുസരിച്ചാണ്.

(സി) ഒരു മാസത്തിനകം ക്വാർട്ടേഴ്സ് ഒഴിയണമെന്നാണ് വ്യവസ്ഥ.

(ഡി) ഉണ്ട്.

(ഇ) സ്വീകരിക്കുന്നതാണ്.

കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം കയ്യേറിയതിന് പോലീസ് സംരക്ഷണം നൽകിയതായി പരാതി

1222. [1659] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ കല്ലിയൂർ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ സ്ഥലം ചിലർ കയ്യേറിയതായിട്ടും അതിന് പോലീസ് സംരക്ഷണം നൽകുന്നതായിട്ടുമുള്ള പരാതി ബാങ്ക് അധികൃതരിൽനിന്നും ലഭിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ അതിൻമേൽ എന്തു നടപടി സ്വീകരിച്ചു ;

(സി) ഇതിൻമേൽ അടിയന്തിരമായും നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി, & സി) ലഭിച്ച പരാതി അന്വേഷണത്തിലാണ്.

കർട് വോട്ടേഴ്സ് ലിസ്റ്റ് നശിപ്പിക്കുകയും ബിൽ കളക്ടറെ കയ്യേറ്റം ചെയ്യുകയും ചെയ്ത സംഭവം

1223. [1660] ശ്രീ. എം. വി. രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം ജില്ലയിലെ മടവൂർ പഞ്ചായത്തിലെ പുതുക്കിയ വോട്ടേഴ്സ് ലിസ്റ്റിന്റെ കർട് ബലം പ്രയോഗിച്ച് പിടിച്ചെടുത്തു വലിച്ചുകീറി നശിപ്പിച്ചതായും അതു തടഞ്ഞ പഞ്ചായത്തു ബിൽകളക്ടറെ കയ്യേറ്റം ചെയ്തതായും ഉള്ള വല്ല പരാതിയും പള്ളിക്കൽ പോലീസിൽ മടവൂർ പഞ്ചായത്ത് എക്സിക്യൂട്ടീവ് ആഫീസർ നൽകിയതായി അറിവുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇതേപ്പറ്റി അന്വേഷിക്കുന്നതിനും കുറ്റക്കാരുടെ മേൽനടപടി സ്വീകരിക്കുന്നതിനും വേണ്ടത് ചെയ്യുമോ ?

ഉത്തരം

(എ) & (ബി) ഉണ്ട്. പള്ളിക്കൽ പോലീസ്, കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly